# ‘അരങ്ങിൽ കാണുന്നതു മാത്രമല്ല നൃത്തം’

സുജിത സുഹാസിനി
sujitha.suji17@gmail.com

‘നൃത്തം ഇനിയും പഠിച്ചുതീർന്നിട്ടില്ല. ഇപ്പോഴും ഒരു വിദ്യാർത്ഥിയാണ് ഞാൻ...’ -ബാലദേവി ചന്ദ്രശേഖറിന്റെ വാക്കുകളിൽ സമർപ്പണത്തിന്റെ ലാളിത്യം നിറഞ്ഞു. ഏദയതാളത്തോടൊപ്പം നൂപുരധ്വനികളും ചേർത്തുവെച്ച നർത്തകിയാണ് ബാലദേവി ചന്ദ്രശേഖർ. ഭരതനാട്യം തന്നെയാണ് തന്റെ ഏകാഗ്രതയെന്നും ആത്മസാക്ഷാത്കാരത്തിനുള്ള അനുഭൂതിയെന്നും അവർ തെളിയിക്കുന്നു.

നന്ദനാർ ചരിതം, എം.എൽ.വി. ഫേവറിറ്റ്സ്, കൃഷ്ണാർപ്പണ്‍, ഉദ്ധവഗീത, വിശ്വം ദി ഒമ്നിപ്രസന്റ്, കർണ, ബൃഹദേശ്വര തുടങ്ങിയവ ബാലദേവിയുടെ ശ്രദ്ധേയമായ നൃത്തങ്ങളാണ്.

ഭരതനാട്യത്തിൽ ആദ്യമായി ‘ഉദ്ധവഗീത’ അവതരിപ്പിക്കുന്നത് ബാലദേവിയാണ്. ‘ബൃഹദേശ്വര നൃത്തശില്പം’ 1000 വർഷം പഴക്കമുള്ള ബൃഹദേശ്വര ക്ഷേത്രത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. തഞ്ചാവൂർ വാസ്തുവിദ്യാ വിസ്മയത്തിന്റെ ആഴത്തിലേക്ക് കടന്നുചെല്ലുന്നതാണ് നൃത്തത്തിന്റെ ഉള്ളടക്കം. ക്ഷേത്രനർത്തകിയുടെ കണ്ണുകളിലൂടെ ബൃഹദേശ്വര ക്ഷേത്രത്തേയും ശിവഭക്തിയേയും തന്റെ നടനചാതുരിയിൽ അവർ അരങ്ങിലെത്തിച്ചു. ഭരതനാട്യ ഗവേഷണത്തിൽ ബാലദേവിയുടെ പങ്ക് വളരെ വലുതാണ്.

## നൃത്തംതന്നെ ജീവിതം

കുട്ടിക്കാലത്ത് ബാലദേവി ഹൈദരാബാദിലെ ഗുരു ജയലക്ഷ്മി നാരായണന്റെ കീഴിലാണ് പ്രാഥമിക പരിശീലനം ആരംഭിച്ചത്. തുടർന്ന് ചെന്നൈയിലെ ഡോ. പത്മ സുബ്രഹ്മണ്യത്തിന്റെ കീഴിൽ നൃത്തം അഭ്യസിച്ചു.

അധ്യാപനത്തോടും കലയോടുമുള്ള അതിയായ അഭിനിവേശത്തിൽ നിന്നാണ് ബാലദേവി ന്യൂജേഴ്സിയിൽ ‘ശ്രീപത്മ നൃത്ത അക്കാദമി ഓഫ് പെർഫോമിങ് ആർട്സ്’ ആരംഭിക്കുന്നത്. വിവാഹത്തിനുശേഷം ബിസിനസുകാരനായ ഭർത്താവ് ബി. ചന്ദ്രശേഖറിനൊപ്പം അവരും വിദേശത്തേക്ക് പറിച്ചുനടപ്പെട്ടു. പുരാതന ഗ്രന്ഥങ്ങളെ അടിസ്ഥാനമാക്കി തീവ്രമായ ഗവേഷണത്തിന്റെ പിന്തുണയോടെയാണ് ബാല തന്റെ നൃത്തം ചിട്ടപ്പെടുത്തുന്നത്. ഭാരതീയ സാംസ്കാരിക സംരക്ഷണം, അവതരണം, ദക്ഷിണേഷ്യൻ പെർഫോമിങ് ആർട്ടിന്റെ ആശയങ്ങളുടെ കൈമാറ്റം എന്നിവയാണ് നൃത്തവിദ്യാലയത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

30 രാജ്യങ്ങളിലായി 500-ലധികം അരങ്ങുകളിൽ ബാലദേവി നൃത്തം അവതരിപ്പിച്ചിട്ടുണ്ട്.

## പുതിയ തലമുറ പഠിക്കാനുണ്ട്

‘അരങ്ങിൽ കാണുന്നത് മാത്രമല്ല നൃത്തം’ എന്ന് ബാലദേവി പറയുന്നു. ‘അവനവനെ അറിയൽ കൂടിയാണത്. നടനത്തിന്റെ ആത്മീയവശങ്ങളെ ഉൾക്കൊള്ളാതെയാണ് ഇന്നത്തെക്കാലത്ത് വിദ്യാർഥികൾ നൃത്തം അഭ്യസിക്കുന്നത്...’ -അവർ പറയുന്നു.

അമേരിക്കയിലെ വിവിധ സർവകലാശാലകളിലെ തിയേറ്റർ ആൻഡ് ഡാൻസ്, ഹിസ്റ്ററി, ഫിലോസഫി, ലിംഗ്വിസ്റ്റിക്സ്, നരവംശശാസ്ത്രം, ദക്ഷിണേഷ്യൻ വകുപ്പുകൾ എന്നിവയുമായി സഹകരിച്ച് ബാല ‘പെർഫോമിങ് സ്റ്റഡീസി’ൽ പാഠ്യപദ്ധതി വികസിപ്പിച്ചിട്ടുണ്ട്.

മൗണ്ട് ഹോളിയോക്, പ്രിൻസ്റ്റൺ, കൊളംബിയ യൂണിവേഴ്സിറ്റി, പെൻസിൽവേനിയ സർവകലാശാല, ന്യൂജേഴ്സി തുടങ്ങിയ സ്ഥലങ്ങളിൽ ഭരതനാട്യത്തെക്കുറിച്ച് ബാലദേവി പ്രഭാഷണങ്ങളും കോഴ്സുകളും പഠിപ്പിച്ചുവരുന്നു.

## ഇനി കൊച്ചിയിലും

ബാലദേവി ചന്ദ്രശേഖറിന്റെ ഇന്ത്യയിലെ ആദ്യത്തെ ഡാൻസ് സ്കൂൾ ജനുവരി അഞ്ചിന് കാക്കനാട്ട് ആരംഭിക്കും. ശിഷ്യയും നർത്തകിയുമായ വിദ്യാ രവീന്ദ്രൻ നേതൃത്വം നൽകും.



ബാലദേവി ചന്ദ്രശേഖർ



# ബാലാദേവി ചന്ദ്രശേഖർ കൊച്ചിയിൽ എത്തുന്നു

കൊച്ചി • ഓരോ വർഷവും ഓരോ വേറിട്ട അവതരണം-ഭരതനാട്യത്തിൽ ബാലാദേവി ചന്ദ്രശേഖർ നടത്തുന്ന പരീക്ഷണം ഇങ്ങനെയാണ്. ദൈരാബാദിൽ നിന്നാരംഭിച്ച് അമേരിക്കയിലെ ന്യൂജഴ്സിയിലെത്തിയ ആ നൃത്തയാത്രയ്ക്കൊപ്പം ഇനി കൊച്ചിയും.

ബാലാദേവി ശൈലിയിലെ നൃത്ത സ്കൂൾ സ്കൂൾ കാക്കനാട്ടും പ്രവർത്തനമാരംഭിക്കുന്നു. ജനുവരി 5നു സ്കൂൾ തുടങ്ങുന്നതിനൊപ്പം ബാലാദേവിയുടെ നൃത്താവതരണവുമുണ്ടാകും. ബാലാദേവിയുടെ ശിഷ്യ വിദ്യ ഹരീന്ദ്രന്റെ നേതൃത്വത്തിലാണു സ്കൂൾ . ബാലാദേവിയുടെ മേൽനോട്ടമുണ്ടാകും.

ഹൈദരാബാദിൽ ജനിച്ച ബാലദേവി ചന്ദ്രശേഖർക്ക് അമേരിക്കയിൽ നൃത്ത അക്കാദമിയുണ്ടെങ്കിലും ഭരതനാട്യ ഗവേഷണത്തിനും മറ്റുമായി ഏറെ സമയം ഇന്ത്യയിൽ ചെലവഴിക്കുന്നു. ഇതിനോടകം ഒന്നര മണിക്കൂർ ദൈർഘ്യമുള്ള 8 വിഡിയോ സിഡികൾ പുറത്തിറക്കിയിട്ടുണ്ട്-നന്ദനാർ ചരിതം, എംഎൽവി ഫേവറൈറ്റ്സ്, കൃഷ്ണ അർപ്പണം, ഉദ്ധവ ഗീത, വിശ്വം, ത്രിപുര, കർണ, ബൃഹദീശ്വര എന്നിവ

യൂണിവേഴ്സിറ്റി ഓഫ് പെൻസിൽവാനിയയിൽ അസോഷ്യേറ്റ് വിസിറ്റിങ് സ്കോളർ ആയി പ്രവർത്തിക്കുന്ന ബാലാദേവി ചന്ദ്രശേഖർ അമേരിക്കയിലെ വിവിധ സർവകലാശാലകളിൽ സൗത്ത് ഏഷ്യൻ വകുപ്പുകളുമായി ബന്ധപ്പെട്ട ഗവേഷണങ്ങളുമായും സഹകരിക്കുന്നു. പ്രിൻസ്റ്റൺ സർവകലാശാലയിൽ കാൾ എ ഫീൽഡ്സ് സെന്ററിൽ ഫെലോ ആയും ആർടിസ്റ്റ് ഇൻ റസിഡൻസ് ആയും പ്രവർത്തിക്കുന്നു.

പാരിസിലെ യുനെസ്കോ ആസ്ഥാനത്ത് ബൃഹദീശ്വര അവതരണത്തിന് അവസരം ലഭിച്ചിരുന്നു. തമിഴ്നാട് സർക്കാർ കലൈമാമണി പുരസ്കാരവും, ആന്ധ്ര സർക്കാർ നാട്യ ചൂഡാമണി പുരസ്കാരവും നൽകി .ഇന്ത്യൻ സമൂഹത്തിനു ചെയ്ത സേവനങ്ങൾ കണക്കിലെടുത്ത് ന്യൂജഴ്സി സ്റ്റേറ്റ് സെനറ്റും ജനറൽ അസംബ്ലിയും ആദരിച്ചിട്ടുമുണ്ട്.